**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1350** **03.10.2016-ൽ മറുപടിക്ക്**

**മധ്യപ്രദേശ് നിയമസഭാ സാമാജികരെ അപമാനിച്ച സംഭവം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) കേരള സന്ദർശനത്തിനിടയിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്ര ദർശനത്തിനെത്തിയ മദ്ധ്യപ്രദേശ് നിയമസഭാ സാമാജികരെയും കുടുംബാംഗങ്ങളെയും സുരക്ഷാ ജീവനക്കാർ തടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നുള്ള കത്തുമായി ദർശനത്തിനെത്തിയ പ്രസ്തുത എം.എൽ.എ മാരെ അപമാനിച്ച സംഭവത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; ആർക്കെതിരെ ആരാണ് പരാതി നൽകിയതെന്നും പരാതിയിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) പരാതി ലഭിച്ചിട്ടുണ്ട്. മദ്ധ്യപ്രദേശിൽ നിന്നെത്തിയ നിയമസഭാ സാമാജികരെയും കുടുംബാംഗങ്ങളെയും ക്ഷേത്രത്തിനുള്ളിലെ കിഴക്കേനട കൊടിമരം ഭാഗം വഴി അകത്തേക്ക് കയറുന്നത് ക്ഷേത്രം ജീവനക്കാരനായ ഗാർഡ് കമാണ്ടർ തടയുകയും അകമ്പടി സേവിച്ച ശ്രീപത്മനാഭസ്വാമി ക്ഷേത്ര സുരക്ഷാ വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥർ അറിയിച്ചതനുസരിച്ച് ക്ഷേത്രം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സ്ഥലത്തെത്തി അവരെ കടത്തി വിടുകയും ക്ഷേത്ര ദർശനം നടത്തിയിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച് സാമാജികരോടൊപ്പം ഡ്യൂട്ടിക്കായി നിയോഗിച്ചയച്ച കേരളാ നിയമസഭാ സാർജന്റ് അസിസ്റ്റന്റ്, ക്ഷേത്രം മതിലകം ഗാർഡ് കമാണ്ടർക്കെതിരെ ശ്രീപത്മനാഭസ്വാമി ക്ഷേത്രം സുരക്ഷാ വിഭാഗം ഡെപ്യൂട്ടി പോലീസ് കമ്മീഷണർക്ക് പരാതി സമർപ്പിച്ചിട്ടുള്ളതും |

തുടർന്ന് പരാതിയിന്മേൽ അന്വേഷണം നടത്തി ക്ഷേത്രം മതിലകം ഗാർഡ് കമാൻഡർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി ക്ഷേത്രം അഡ്മിനിസ്ട്രേറ്റീവ് ചെയർപേഴ്സൺ, എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർക്ക് വിശദമായ റിപ്പോർട്ട് നൽകിയിട്ടുളളതു മാണ്.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന എം.എൽ.എ.-മാരെപ്പോലെയുള്ളവർ, ഭാവിയിൽ ജനമദ്ധ്യേ അപമാനിക്കപ്പെടില്ലെന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

(സി) ക്ഷേത്രത്തിൽ ദർശനത്തിനായി എത്തുന്ന വി.ഐ.പി കൾക്ക് അർഹമായ പരിഗണന നല്കുന്നതിന് ക്ഷേത്രം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചെയർപേഴ്സൺ, ക്ഷേത്രം മതിലകം എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**